### അദ്ധ്യായം 11

## "മദ്ധ്യത്തിൽ" – (പുതിയനിയമം)

വിജ്ഞാനപ്രദമായ വ്യത്യസ്ത സാഹചര്യങ്ങളോട് അനുബന്ധിച്ച് അനേക പുതിയ നിയമ ഭാഗങ്ങൾ കർത്താവ് മദ്ധ്യത്തിൽ എന്ന സത്യം വെളിപ്പെടുത്തുന്നു.

ലൂക്കോസ് 2:46, 47 ൽ നാം ഇപ്രകാരം വായിക്കുന്നു, "മൂന്നു നാൾ കഴിഞ്ഞ ശേഷം അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ **നടുവിൽ** ഇരിക്കുന്നതും അവരുടെ ഉപദേശം കേൾക്കയും അവരോടു ചോദിക്കയും ചെയ്യുന്നതും കണ്ടു. അവന്റെ വാക്ക് കേട്ടവർക്കെല്ലാവർക്കും അവന്റെ വിവേകത്തിലും ഉത്തരങ്ങളിലും വിസ്മയം തോന്നി."

കർത്താവിനെ നാമിവിടെ തന്റെ പിതാവിന്റെ കാര്യത്തിൽ ഏർപ്പെട്ടിരിക്കുന്ന പന്ത്രണ്ട് വയസ്സുള്ള ഒരു ബാലനായി കാണുന്നു. ദൈവാലയത്തിൽ, ഉപദേഷ്ടാക്കന്മാരുടെ മദ്ധ്യെ കർത്താവ് ആയിരിക്കുന്നത് എത്രയോ ഔചിത്യമേറിയ കാര്യമാണ്. കാരണം ക്രിസ്തുവാണ് ദൈവാലയത്തിന്റെയും ദൈവിക ന്യായപ്രമാണത്തിന്റെയും കേന്ദ്രബിന്ദു. കൂടാതെ, താൻ ചോദ്യം ചോദിക്കുക മാത്രമല്ല ഉത്തരം നൽകുകയും ചെയ്തു കാണുന്നതും ഉചിതമാണ്. കാരണം ന്യായപ്രമാണം ഉത്തരം നൽകുന്ന ചോദ്യങ്ങൾ ക്രിസ്തു ഉയർത്തുന്നുവെങ്കിൽ ക്രിസ്തുവിനു മാത്രം ഉത്തരം നൽകുവാൻ കഴിയുന്ന അനേക ചോദ്യങ്ങൾ ന്യായപ്രമാണം ഉയർത്തുന്നു.

ന്യായപ്രമാണത്തിന്റെ രണ്ടു ഭാഗങ്ങളും അതായത് സാന്മാർഗ്ഗിക നിയമങ്ങളും ആചാരപരമായ നിയമങ്ങളും ക്രിസ്തുവിലേക്ക് വിരൽ ചൂണ്ടുന്നു. മനുഷ്യനെ തന്റെ നിസ്സഹായ അവസ്ഥയെയും ക്രിസ്തുവിന്റെ സമ്പൂർണ്ണ ആവശ്യകതയെയും കുറിച്ച് ബോധവാനാക്കുക എന്നതായിരുന്നു സാന്മാർഗ്ഗിക സദാചാര നിയമങ്ങളുടെ ഉദ്ദേശം. (ഗലാ. 3:24). ലേവ്യപൗരോഹിത്യം, യാഗങ്ങൾ, കൂടാരം, ഉത്സവങ്ങൾ തുടങ്ങിയ ആചാരാനുഷ്ടാന പ്രമാണങ്ങൾ കാണുവാൻ കണ്ണും ഗ്രഹിപ്പാൻ മനസ്സുമുള്ളവർക്ക് രക്ഷിതാവിന്റെ വ്യക്തിത്വത്തെയും പ്രവർത്തിയെയും സംബന്ധിച്ച അത്യുജ്ജ്വലമായ സർവ്വതോവ്യാപി ദൃശ്യം നൽകുന്നു. (ലൂക്കോസ് 24:27; യോഹ. 5:39).

യോഹന്നാൻ 19:18 ൽ ഗോൽഗാഥായെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അവിടെ അവർ അവനെയും അവനോടുകൂടെ വേറെ രണ്ട് ആളുകളെയും ഒരുത്തനെ അപ്പുറത്തും ഒരുത്തനെ ഇപ്പുറത്തും യേശുവിനെ **നടുവിലുമായി** ക്രൂശിച്ചു." എന്തൊരു ദൃശ്യമാണിത്! മൂന്നു കുരിശുകൾ. ഒരു വശത്ത് മനസ്സാന്തരവും മറുവശത്ത് മത്സരവും കാണുന്നു. ഇവയുടെ മദ്ധ്യത്തിൽ മറുവിലയുടെ ക്രൂശ്. ഒരു വശത്ത് പശ്ചാത്താപവും മറുവശത്ത് പരിഹാസവും കാണുന്നു. ഇവയുടെ നടുവിൽ പ്രായശ്ചിത്തത്തിന്റെ ക്രൂശ്. ഇവിടെ നാം ക്രിസ്തുവാണ് വീണ്ടെടുപ്പിന്റെ കാതലെന്നും കൂടാതെ സകല മാനവകുലത്തിനും കാതലെന്നുമുള്ള വസ്തുത അവലോകനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യജാതിയെ എന്നെന്നേക്കുമായി രണ്ടായി വേർതിരിക്കുന്ന, വേർതിരിക്കാനിരിക്കുന്ന ആ വലിയ പിളർപ്പ് ക്രിസ്തുവാണ്. മാനസാന്തരവും, ക്രൂശിക്കപ്പെട്ട വീണ്ടെടുപ്പുകാരനിലുള്ള വിശ്വാസവും പറുദീസായിലെ നിത്യസന്തോഷാനുഭവം നൽകുന്നു: എന്നാൽ ക്രൂശിതനായ വീണ്ടെടുപ്പുകാരനെ തള്ളിക്കളയുന്നത് നിത്യനാശത്തിന് കാരണമാകും.

അടുത്ത അദ്ധ്യായത്തിൽ നാം വായിക്കുന്നു, "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ആ ദിവസം, നേരം വൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്ത് യെഹൂദന്മാരെ പേടിച്ച് വാതിൽ അടച്ചിരിക്കെ യേശു വന്നു **നടുവിൽ** നിന്നുകൊണ്ട്: നിങ്ങൾക്കു സമാധാനം

എന്ന് അവരോടു പറഞ്ഞു. ഇതു പറഞ്ഞിട്ട് അവൻ കയ്യും വിലാപ്പുറവും അവരെ കാണിച്ചു: കർത്താവിനെ കണ്ടിട്ട് ശിഷ്യന്മാർ സന്തോഷിച്ചു.'' (യോഹ. 20: 19, 20).

ഇവിടെ ഉയിർത്തെഴുന്നേറ്റ ക്രിസ്തു ഭയഭീതരായ തന്റെ ജനത്തെ, മരണത്തിന്മേൽ ജയം കൈവരിച്ച് നിവർത്തിയാക്കിയ വീണ്ടെടുപ്പിൻ വേലയുടെ അടയാളങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് സമാധാനിപ്പിക്കയും ഭാവിയിലെ ശുശ്രൂഷയ്ക്കായി നിർദ്ദേശിക്കുകയും നിയോഗിക്കുകയും ചെയ്യുന്നു. ഇത് പിന്നീടുള്ള നൂറ്റാണ്ടുകളിൽ തന്റെ നാമത്തിൽ കൂട്ടിവരപ്പെട്ട ശിഷ്യന്മാരുടെ സംഘങ്ങളിൽ സംഭവിപ്പാനിരുന്ന കാര്യത്തിന്റെ ആഹ്ലാദകരമായ ഒരു മുന്നനുഭവം ആയിരുന്നു. കൂടിവരവിന്റെ കേന്ദ്രവും, സകല ദൈവിക സമാധാനത്തിന്റെയും, നിർദ്ദേശത്തിന്റെയും, പര്യാപ്തികളുടെയും സ്രോതസ്സും ക്രിസ്തുവാകുന്നു.

എബ്രായർ 2:12 ലേക്ക് നാം തിരിയുമ്പോൾ, പഴയനിയമത്തിലെ പ്രവചന വാക്കുകളെ ക്രിസ്തുവിന്റേതായി പറഞ്ഞിരിക്കുന്നു. ''ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോട് കീർത്തിക്കും; സഭാ **മദ്ധ്യേ** ഞാൻ നിന്നെ സ്തുതിക്കും.'' ''സഭ'' എന്ന് പറയുമ്പോൾ എന്താണ് സങ്കീർത്തനക്കാരന്റെ മനസ്സിലുണ്ടായിരുന്നത് എന്ന് പറയുക എളുപ്പമല്ല. (സങ്കീ. 22:22). പിന്നീട് താൻ മഹാസഭയെക്കുറിച്ച് പറയുന്നു (22:25). ഇത് ഒരു പക്ഷെ ആയിരമാണ്ട് വാഴ്ച അല്ലെങ്കിൽ രാജ്യസ്ഥാപനകാലമാകാം സങ്കൽപ്പിച്ചിരിക്കുന്നത്. എന്നിരിക്കിലും മത്തായി 18:20 വെളിപ്പെടുത്തുന്നതിൻ പ്രകാരം സംശയമന്യെ ഇതിന് സ്ഥലം സഭയിൽ ഒരു വർത്തമാനകാല നിവർത്തിയുണ്ട്.

ഈ വാക്യത്തിൽ കർത്താവായ യേശുക്രിസ്തു പരസ്പര ബന്ധമുള്ള രണ്ടു വ്യത്യസ്ത നിലകളിൽ വെളിപ്പെടുന്നു. ഒന്നാമതായി താൻ തന്റെ സഹോദരന്മാർക്ക് ദൈവനാമം വെളിപ്പെടുത്തുന്നവൻ ആണ്. രണ്ടാമത് താൻ സഭയിൽ സ്തുതിയെ നയിക്കുന്നവനായ, പ്രധാന ഗായകനായ ''സംഗീത പ്രമാണിയാണ്.'' ''സഹോദരന്മാർ'' എന്ന പദം തന്റെ ജനത്തെ വ്യക്തിപരമായും, ''സഭയിൽ'' എന്ന പ്രയോഗം അവരെ മൊത്തത്തിൽ സംഘമെന്ന നിലയിലും സൂചിപ്പിക്കുന്നു. ഇത് ഒരു പക്ഷെ പുത്രനിലും, പുത്രനാലും വെളിപ്പെടുത്തപ്പെട്ട പിതാവിന്റെ നാമത്തിന്റെ വ്യക്തിപരമായ ഗ്രാഹ്യം സാമൂഹികമായി തന്നെ സ്തുതിക്കുന്നതിനു മുമ്പ് ആവശ്യമായ വളരെ മർമ്മ പ്രധാനമായ കാര്യമാണെന്ന് സൂചിപ്പിക്കുന്നു. ഉപദേശം പൊതുവിൽ നൽകുമ്പോഴും അതിന്റെ അവബോധം വ്യക്തിപരമാണ്. തന്റെ സഹോദരന്മാർ എന്ന നിലയിൽ നാം ''യേശുക്രിസ്തുവിന്റെ മുഖത്തിൽ'' ''ദൈവതേജസ്സിനെ'' മനസ്സിലാക്കുന്നു. (2 കൊരി. 4:6). തന്നോടുള്ള ബന്ധം താൻ നൽകുന്ന സാക്ഷാൽക്കാരം അല്ലെങ്കിൽ വെളിപ്പെടുത്തൽ സ്വീകരിക്കുക വഴി തന്നിൽ നിന്നും പഠിക്കുവാനുള്ള ദൈവിക പ്രാപ്തി നൽകണം. ഇത് നിസ്സംശയം ക്രിസ്തീയ ജീവിതത്തിലെ തുടർമാനമായ ഒരനുഭവം ആണെങ്കിലും ചരിത്രപരമായി ഈ വെളിപ്പാട് ആദ്യം ജഡ ശരീരമെടുത്ത പുത്രന്റെ ഭൗമിക ജീവിതത്തിലും അതിനുശേഷം പരമോന്നതമായി കാൽവറിയിലെ തന്റെ യാഗമരണത്തിലുമാണ് നൽകപ്പെട്ടത് (യോഹ. 17:26). എങ്കിലും വസ്തുനിഷ്ഠമായ ഈ വെളിപ്പാടെടുത്ത് തന്റെ സഹോദരന്മാർക്ക് അതിന്റെ വ്യക്തിപരമായ പരിജ്ഞാനം നൽകുന്നത് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ്.

തിരുവചനപ്രകാരമുള്ള സഭാ കൂട്ടായ്മയായിലായിരിക്കുന്നവർ നാമധേയ ലേബലുകളിൽ ഏറ്റവും നിന്ദ്യമായ ''ദ ബ്രദറൺ'' എന്ന പേരെടുക്കുന്നതിനെക്കുറിച്ച് ഒരു നിമിഷത്തേക്കു പോലും ചിന്തിക്കുവാൻ ദൈവം ഇടയാക്കാതിരിക്കട്ടെ എന്ന് കടന്നു പോകയിൽ പറഞ്ഞുകൊള്ളട്ടെ. പക്ഷെ അതേ സമയം തന്നെ നാം ''അവന്റെ സഹോദരന്മാർ'' ആകുന്നു എന്ന മഹത്വകരമായ വസ്തുത മറക്കുവാനോ അല്ലെങ്കിൽ അത് നൽകുന്ന

അവനിലൂടെ ദൈവികജ്ഞാനം സ്വീകരിക്കുക എന്ന അനുഗ്രഹം അലക്ഷ്യമാക്കുവാനോ ദൈവം ഇടയാക്കാതിരിക്കട്ടെ.

ഈ വാക്യത്തിന്റെ രണ്ടാം ഭാഗം ആദ്യഭാഗത്തിന്റെ സ്വാഭാവിക പരിണാമമാണ്. സീനായി മലയിൽ യഹോവയായ ദൈവം ഇറങ്ങി മോശയോട്, "യഹോവയുടെ നാമത്തെ ഘോഷിച്ച"പ്പോൾ ഉണ്ടായ പ്രതിക്രിയ, "മോശ ബദ്ധപ്പെട്ടു സാഷ്ടാംഗം വീണ് നമസ്ക്കരിച്ചു" എന്നതാണ് (പുറ. 34:28).

ബേത്ലഹേമിൽ ജഡാവതാരമെടുത്ത പുത്രനിൽ അത്യന്നതമായ നിലയിൽ "യഹോവയായ ദൈവം ഇറങ്ങി" വരികയാലും സീനായിലേതിനേക്കാൾ പതിന്മടങ്ങ് മഹത്വകരവും പൂർണ്ണവുമായ നിലയിൽ "യഹോവയുടെ നാമത്തെ ഘോഷിക്കയാലും" നമ്മുടെ പ്രതിക്രിയയും മോശയുടേതുപോലെ ഭയഭക്തി ബഹുമാനങ്ങളോട് കൂടിതയത് ആകേണ്ടതല്ലയോ? എബ്രായർ 2:12 സംഘത്തോടു ബന്ധപ്പെട്ടതാണെന്നത് സത്യമാണ്; ദൈവനാമത്തെ വെളിപ്പെടുത്തി ഭയഭക്തി ഉളവാക്കുന്നവൻ തന്നെയാണ് തന്നോടുള്ള സമൂഹത്തിന്റെ സ്തുതിയിൽ അതിന്റെ പ്രകടീകരണത്തെ നയിക്കുന്നത് എന്നതാണ് നാം ഗ്രഹിക്കേണ്ട വിലയേറിയ സത്യം.

പഴയ ന്യായപ്രമാണ യുഗത്തിൽ ക്രിസ്തുവാണ് കേന്ദ്രബിന്ദു ആയിരുന്നതെങ്കിൽ പുതിയ സഭായുഗ കാലയളവിലും താൻ തന്നെ കേന്ദ്രബിന്ദു ആയിരിക്കുക എന്നത് ഉചിതമായ കാര്യമാണ്. താൻ വീണ്ടെടുപ്പിന്റെ കേന്ദ്രമായിരുന്നുവെങ്കിൽ (ഇപ്പോഴും ആയിരിക്കുന്നു) വീണ്ടെടുപ്പിന്റെ ഫലത്തിലും താൻ തന്നെ കേന്ദ്രമായിരിക്കുന്നതാണ് ഉചിതം. ക്രൂശിന്റെ സങ്കീർത്തനമായ 22–ാം സങ്കീർത്തനത്തിൽ നിന്നാണ് എബ്രായർ 2:12 ലെ വാക്കുകൾ എന്നത് ഹൃദയസ്പർശിയാണ്. ഈ വാക്കുകളിൽ ക്രൂശിലെ അവർണ്ണനീയമായ കഷ്ടങ്ങൾ സഹിച്ചവന്റെ തൽസമയ സാന്ത്വനവും ആശ്വാസവുമാണ് വെളിപ്പെടുത്തിയിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ സങ്കീർത്തനം 22:24 ൽ സ്ഥിതി മരണത്തിൽ നിന്നും പുനരുത്ഥാനത്തിലേക്ക് മാറുന്നു. "അവമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുവാൻ" തക്കവണ്ണം "തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷ"ത്തിന്റെ ഒരു വലിയ ഭാഗം ഇതല്ലയോ?

താൻ പിതാവിനെക്കുറിച്ച് നൽകിയ വെളിപ്പാട് ഗ്രഹിക്കുന്നതിൽ മന്ദത കാട്ടിയോ, അല്ലെങ്കിൽ താൻ സഭയിൽ തന്റെ പിതാവും ദൈവവുമായവന് സ്തുതി ഗീതത്തെ നയിക്കുമ്പോൾ ആ നടത്തിപ്പിനോട് പ്രതികരിക്കാതിരിക്കുകയോ ചെയ്ത് തന്റെ സന്തോഷത്തെ ഇല്ലായ്മ ചെയ്യാതിരിപ്പാൻ ദൈവം നമുക്കിടയാക്കട്ടെ. പ്രാർത്ഥനയിലും സ്തുതി സ്തോത്രങ്ങളിലും ദൈവത്തോട് ബന്ധപ്പെട്ടുള്ള ശുശ്രൂഷകളിൽ സഭയെ നയിക്കുവാനുള്ള അവകാശം ജീവിച്ചിരിക്കുന്ന കർത്താവായ യേശുക്രിസ്തുവിന് പല സ്ഥലം സഭകളിലും നൽകുന്നുണ്ട് എന്നത് സന്തോഷകരമായ കാര്യമാണ്. എന്നാൽ സങ്കടകരമെന്ന് പറയട്ടെ ചുരുക്കം ചിലർ മാത്രമെ മനുഷ്യനോട് ബന്ധപ്പെട്ട ശുശ്രൂഷകളിൽ ക്രിസ്തുവിന് ആ സ്ഥാനവും അവകാശവും നൽകുവാൻ താൽപ്പര്യപ്പെടുന്നുള്ളൂ. ഇവ രണ്ടും ആസ്വദിക്കത്തക്ക നിലയിൽ സഭാ മദ്ധ്യേ തനിക്കവകാശപ്പെട്ട സ്ഥാനം നാം നൽകിയേ മതിയാവൂ (എബ്രാ. 2:12).

സ്ഥലം സഭയോടുള്ള ബന്ധത്തിൽ വളരെ പ്രധാനപ്പെട്ട പ്രാവർത്തിക പാഠം എടുത്തക്കത്ത നിലയിൽ "മദ്ധ്യത്തിൽ" എന്ന പദപ്രയോഗം കാണപ്പെടുന്ന മറ്റൊരു ഭാഗം ലൂക്കോസ് 22:27 ൽ ആണ്. അവിടെ കർത്താവ് തന്റെ ശിഷ്യന്മാരോട് പറയുന്നു. ഞാനോ നിങ്ങളുടെ "**ഇടയിൽ**" ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു. തങ്ങളുടെ കൂട്ടത്തിൽ

ആരെയാകുന്നു വലിയവനായി എണ്ണേണ്ടത് എന്നതിനെച്ചൊല്ലി അവർ തർക്കിക്കുമ്പോഴാണ് കർത്താവ് ഇത് പറഞ്ഞത് എന്ന് ഇത്തരുണത്തിൽ ഓർത്തിരിക്കാം. എന്തൊരു ശാസനയാണിത്! അപ്പോൾ തന്നെ സൗമ്യത കാരണം പ്രബലവുമായത്. മനുഷ്യന്റെ രാജ്യത്തിൽ ഭരണം ഭരിക്കുന്നവന്റെ ഗുണത്തിനായിട്ടാണ്. പക്ഷെ ദൈവരാജ്യത്തിൽ പരിപൂർണ്ണനായ ഭരണകർത്താവിന്റെ പൂർണ്ണതയുള്ള ഭരണം ഭരിക്കപ്പെടുന്നവരുടെ ഗുണത്തിനായിട്ടാണ്. ആർക്കു പകരമായി താൻ ഭരിക്കുന്നുവോ അവന്റെ ഇഷ്ടങ്ങൾ നിറവേറ്റുവാനും, തന്നാൽ ഭരിക്കപ്പെടുന്നവരുടെ നന്മയ്ക്കുമായി കർത്താവ് ശുശ്രൂഷകനായി സഭാമദ്ധ്യേ ഉണ്ട്.

സഭയിൽ ആരും അധികാരവും സ്ഥാനവും അന്വേഷിക്കുവാൻ പാടില്ല. നിസ്വാർത്ഥവും താഴ്മയുമുള്ള ശുശ്രൂഷയിലൂടെയാണ് യഥാർത്ഥ വലിപ്പം വെളിപ്പെടുന്നത്. അരാജകത്വവും സ്വന്ത അവകാശങ്ങൾക്കായി അവകാശവാദവും അഹങ്കാരത്തോടുകൂടി ഉന്നയിക്കപ്പെടുന്ന ഇന്നാളുകളിൽ ദൈവത്തിന്റെ സഭയിൽ ചട്ടങ്ങളും ഭരണവും ഉണ്ടെന്ന് ഊന്നിപ്പറയേണ്ടതുണ്ട്. എന്നാൽ യഥാർത്ഥ ദൈവഭക്തിയിൽ ഉള്ള നായകത്വം സ്വന്ത താൽപ്പര്യത്തിനും പ്രതിഷ്ഠയ്ക്കുമായല്ല പകരം ദൈവമഹത്വത്തിനും വിശുദ്ധന്മാരുടെ നന്മയ്ക്കുമായിട്ടാണ് ഉപയോഗിക്കപ്പെടുക എന്ന് നാം ഓർത്തിരിക്കേണം. ഇതിന് മനോഹമായ ഒരു ഉദാഹരണത്തിനായി 1 കൊരി. 10:15, 16 കാണുക. എന്നാൽ സകലത്തിലും ഉപരിയായി ക്രിസ്തുവിനെ നോക്കുക! എളിയ മനസ്സോടും നിസ്വാർത്ഥമായ താഴ്മയോടും കൂടിയ ശുശ്രൂഷയ്ക്ക് തന്റെ സ്വഭാവം നമ്മിലും ഉണ്ടായിരുന്നുവെങ്കിൽ! പകരം വയ്ക്കാനില്ലാത്ത ഉദാഹരണമായി താനാണ് ശുശ്രൂഷയുടെ കേന്ദ്രം.

പരിസമാപ്തി കുറിച്ചുകൊണ്ട് മഹത്വത്തിൽ ക്രിസ്തു **മദ്ധ്യത്തിൽ** ആയിരിക്കുന്നു എന്നത് അൽപ്പമായി ചിന്തിക്കാം. വെളിപ്പാട് പുസ്തകത്തിൽ നാം ക്രിസ്തുവിനെ സിംഹാസനത്തിന് നടുവിലാണ് കാണുന്നത്. (വെളി. 5:6,7, 7: 17). സ്വർഗ്ഗത്തിൽ സിംഹാസനമാണ് കേന്ദ്രമെങ്കിൽ, സകലത്തേയും അതിനോടുള്ള ബന്ധത്തിലാണ് കാണുന്നതെങ്കിൽ ആ സിംഹാസനത്തിന് നടുവിൽ ഉള്ളവൻ സകലത്തിന്റെയും കേന്ദ്രമാണ്. ഇതേ വ്യക്തിയെ ആണ് നാം വെളിപ്പാട് പുസ്തകത്തിന്റെ തുടക്കത്തിൽ ഏഴ് നിലവിളക്കുകൾക്ക് **നടുവിൽ** കണ്ടത്. (വെളി. 1:13, 2:1). നിത്യത മുഴുവൻ, മുഴുവൻ സ്വർഗ്ഗവും ക്രിസ്തുവിന് അവകാശപ്പെട്ടതെന്ന് പൂർണ്ണമനസ്സോടെ അംഗീകരിക്കുന്ന സ്ഥാനം, സഭയോടുള്ള ബന്ധത്തിൽ നൽകുവാൻ നാമെന്താണ് മടിക്കുന്നത്?

———————oo———————